**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5712** **08-11-2021 - ൽ മറുപടിയ്ക്ക്**

**നികുതിയേതര വരുമാന ചോർച്ച**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പ്രമോദ് നാരായൺ | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് നികുതിയേതര വരുമാന ചോർച്ച വർദ്ധിക്കുന്നതായ സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് എത്രയാണെന്ന് വർഷം/മേഖല തിരിച്ച് വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് നികുതിയേതര വരുമാനത്തിൽ ചോർച്ച വർദ്ധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ചില പ്രത്യേക സാഹചര്യങ്ങളുടെ പശ്ചാത്തലത്തിൽ നികുതിയേതര വരുമാന ലഭ്യതയിൽ കുറവ് വന്നിട്ടുണ്ട്. നോട്ട് നിരോധനം ഓഖി, തുടർച്ചയായ രണ്ട് വർഷങ്ങളിലുണ്ടായ പ്രളയം കൂടാതെ 2019-20 സാമ്പത്തിക വർഷം അവസാന പാദത്തിൽ ഉണ്ടായ കോവിഡ് മഹാമാരി എന്നിവ മൂലം ഉണ്ടായ സാമ്പത്തിക മാന്ദ്യം എന്നിവ 2018-19, 2019-20 സാമ്പത്തിക വർഷങ്ങളിലെ നികുതിയേതര വരുമാനത്തെ സാരമായി ബാധിച്ചിട്ടുണ്ട്. |
| (ബി) | നികുതിയേതര വരുമാന ചോർച്ചയുടെ വ്യാപ്തി മനസ്സിലാക്കുവാൻ സഹായിക്കുന്ന റിഗ്രഷൻ അനാലിസിസ് ഉൾപ്പെടെയുള്ള സ്റ്റാറ്റിസ്റ്റിക്കൽ മെത്തേഡ്സ് ഉപയോഗിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രധാന കണ്ടെത്തലുകൾ എന്തെല്ലാമെന്ന് വിശദമാക്കാമോ; | (ബി) | പഠനം നടത്തിയിട്ടില്ല |
| (സി) | നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതിനും ചോർച്ച തടയുന്നതിനും സർക്കാർ സ്വീകരിച്ച് വരുന്ന നടപടികൾ വ്യക്തമാക്കാമോ? | (സി) | ആസൂത്രണ സാമ്പത്തിക കാര്യ (സിപിഎംയു) വകുപ്പിന്റെ 25.10.2019- ലെ സ.ഉ(സാധാ) നം.457/2019/പി&ഇ.എ ഉത്തരവ് പ്രകാരം അധികവിഭവ സമാഹരണ നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായി രൂപീകരിച്ച ധനകാര്യ – നികുതി വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, വിവിധ വകുപ്പുകളിൽ നിന്നും വരുമാന വർദ്ധനവിനുള്ള സാധ്യതകൾ ആരായുകയും വകുപ്പുകളിൽ നിന്നും ലഭ്യമായ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ വകുപ്പ് തല അവലോകനം നടത്തി നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ